**'CORRUPTION, A CRIME AGAINST NATION'**


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393


തീയതി:28.02.2019

# കൈക്കൂലി വാങ്ങുന്നതിനിടെ അറസ്റ്റിലായ മുൻ പഞ്ചായത്ത് സെക്രട്ടറിയെ മൂന്ന് വർഷം കഠിന തടവിന് ശിക്ഷിച്ചു.

കൈക്കൂലി വാങ്ങുന്നതിനിടെ പിടിയിലായ മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ മൂന്ന് വർഷം കഠിന തടവിനും 20000/- രൂപ പിഴ അടക്കുന്നതിനും ശിക്ഷിച്ചു. എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി സ്വദേശിയായ പൊന്നപ്പനെയാണ് കുറ്റക്കാരനാണെന്ന് കണ്ട് മുവാറ്റുപുഴ വിജിലൻസ് കോടതി ജഡ്ജ് ശ്രീ.കലാം ബാഷ മൂന്ന് വർഷം കഠിന തടവിനും 20,000 /- രൂപ പിഴ ഒടുക്കുന്നതിനും വിധിച്ചത്. എറണാകുളം ജില്ലയിൽ ചിറ്റാട്ടുകര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കി വരവെ എറണാകുളം ജില്ലയിലെ വടക്കേക്കര സ്വദേശിയായ ആൻറണി പുതുതായി നിർമ്മിച്ചു വന്ന വീടിന്റെ നമ്പർ നൽകുന്നതിനും ബിൽഡിംഗ് ടാക്സ് കുറച്ച് നൽകുന്നതിനും പൊന്നപ്പൻ 5000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും പിന്നീട് 3000/- രൂപയിൽ പറഞ്ഞുറപ്പിക്കുകയുമായിരുന്നു. തുടർന്ന് വിജിലൻസ് കെണി ഒരുക്കി 01-01-2010 ൽ ചിറ്റാട്ടുകര ഗ്രാമ പഞ്ചായത്ത് ഓഫീസിൽ വെച്ച് പണം കൈമാറുന്നതിനിടെ എറണാകുളം വിജിലൻസ് യൂണിറ്റിന്റെ പിടിയിലാവുകയായിരുന്നു. അഴിമതി നിരോധന നിയമം 13(2) r/w 13 (1)(d) എന്നീ വകുപ്പുകൾ പ്രകാരം കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തുകയും 2 വർഷം കഠിന തടവും 15,000 /- രൂപ പിഴയും,അഴിമതി നിരോധന നിയമം വകുപ്പ് (7) പ്രകാരം ഒരു വർഷം

കഠിന തടവും 5000 /- രൂപ പിഴ ഒടുക്കുവാനുമാണ് കോടതി വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയാകും എന്നും വിധിന്യായത്തിൽ പറയുന്നു.

വിജിലൻസ് എറണാകുളം യൂണിറ്റ് മുൻ DySP ശ്രീ.സി.എസ്.മജീദിന്റെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത് .മുൻ പോലീസ് ഇൻസ്പെക്ടർ ശ്രീ. എ.യു.സുനിൽ കുമാർ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസിൽ പ്രോസിക്യൂഷന് വേണ്ടി അഡിഷണൽ ലീഗൽ അഡ്വൈസർ ശ്രീ.രഞ്ജിത് കുമാർ ഹാജരായി .